**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1070** **09-10-2024 - ൽ മറുപടിയ്ക്ക്**

**ജലജീവൻ പദ്ധതിയുടെ പൂർത്തീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമീണ വീടുകളിൽ ശുദ്ധജലം ഉറപ്പാക്കുന്നതിന് നടപ്പിലാക്കുന്ന ജല ജീവൻ മിഷൻ പ്രവൃത്തികളുടെ പുരോഗതി അവലോകനം ന ടത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് ജല ജീവൻ പദ്ധതി നിർവഹണത്തിനായി സംസ്ഥാന - ജില്ലാ - ഗ്രാമതലങ്ങളിൽ വിവിധ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ബഹു.സംസ്ഥാന മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മുൻഗണനാ പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവർത്തന പുരോഗതി വിലയിരുത്തുന്നുണ്ട്. കൂടാതെ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും നടപ്പിലാക്കിവരുന്ന ജലജീവൻ മിഷൻ പ്രവർത്തികളുടെ പുരോഗതി അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. ഇതിനായി ജലവിഭവ വകുപ്പ് മന്ത്രിയുടെ ആഫീസിൽ പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനുപുറമെ ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ തുടങ്ങിയവരുടെ നേതൃത്വത്തിൽ കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങൾ നടത്തി പുരോഗതി വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്.<br><br>ജല ജീവൻ മിഷൻ പ്രവൃത്തികളുടെ നിർവഹണപുരോഗതി സംബന്ധിച്ചുള്ള വിവരങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ വെബ്സൈറ്റിൽ യഥാസമയം പ്രസിദ്ധപ്പെടുത്തുന്നുമുണ്ട്.<br><br>ഇപ്രകാരം അവലോകനയോഗങ്ങൾ നടത്തി പദ്ധതി നിർവഹണത്തിൽ തടസ്സങ്ങൾ യഥാസമയം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതി മുഖേന സംസ്ഥാനത്ത് എത്ര കണക്ഷൻ നൽകുന്നതിനാണ് | (ബി) | സംസ്ഥാനത്ത് ജല ജീവൻ പദ്ധതി മുഖേന 54,45,342 കണക്ഷൻ നൽകാനാണ് ഭരണാനുമതി |

| | | | |
|---|---|---|---|
| | ഉദ്ദേശിച്ചിരുന്നതെന്നും എത്ര കണക്ഷനുകൾ നാളിതുവരെ പൂർത്തീകരിച്ചുവെന്നും ഇതിൽ എത്ര കണക്ഷനുകളിൽ കുടിവെള്ളം ലഭിച്ചുവെന്നും വ്യക്തമാക്കുമോ; | | ലഭിച്ചത്. ഇതിൽ 20,39,444 കണക്ഷൻ നൽകി കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരുന്നതെന്നും എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്നും വിശദമാക്കുമോ; | (സി) | കേന്ദ്ര സർക്കാർ 2024 മാർച്ച് മാസത്തോടുകൂടി പൂർത്തീകരിക്കാൻ ലക്ഷ്യമിട്ടിരുന്ന പദ്ധതിയാണ് ജല ജീവൻ മിഷൻ. പദ്ധതിയുടെ കാലാവധി നിലവിൽ കേന്ദ്ര സർക്കാർ 31 മാർച്ച് 2025 വരെ ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. പദ്ധതി പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ച് കിട്ടുന്നതിനുള്ള ശ്രമങ്ങൾ നടത്തുന്നുണ്ട്. 2025 -2026 വർഷക്കാലയളവിൽ പദ്ധതി പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (ഡി) | ഈ പദ്ധതി പൂർത്തീകരിക്കുവാൻ ചെലവ് വരുന്ന തുക എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ഇതിൽ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ എത്ര തുക വീതം അനുവദിക്കേണ്ടതുണ്ടെന്നും നാളിതുവരെ എത്ര തുക അനുവദിച്ചുവെന്നും വിശദമാക്കുമോ; | (ഡി) | ജലജീവൻ മിഷൻ പദ്ധതി നടപ്പിലാക്കുവാൻ 44714.79 കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചത്. ജലജീവൻ മിഷൻ പദ്ധതി കേന്ദ്ര സംസ്ഥാന സർക്കാരുകൾ 50:50 എന്ന അനുപാതത്തിലാണ് നടപ്പിലാക്കുന്നത്. പദ്ധതിക്കായി 01.10.2024 വരെ കേന്ദ്ര വിഹിതമായി 5610.33 കോടി രൂപയും സംസ്ഥാന വിഹിതമായി 5152.50 കോടി രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. |
| (ഇ) | പ്രസ്തുത പദ്ധതി പൂർത്തീകരണത്തിന് നിലവിലെ തടസ്സങ്ങൾ എന്തെല്ലാമാണെന്നും ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ; | (ഇ) | ജൽ ജീവൻ മിഷൻ പദ്ധതിയിൽ കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം മുടങ്ങുന്നതിനും കാലതാമസം നേരിടുന്നതിനും പ്രധാന കാരണങ്ങൾ സ്ഥലലഭ്യതയിലെ അനിശ്ചിതത്വം, മറ്റ് വകുപ്പുകളിൽനിന്നും ലഭ്യമാകേണ്ട അനുമതികളിലെ കാലതാമസം എന്നിവയാണ്. ഇതിനുപുറമെ നിലവിൽ കരാറുകാർക്ക് ജലജീവൻ മിഷൻ പ്രവർത്തികൾ പൂർത്തിയാക്കിയവകയിൽ 3370.90 കോടി രൂപ കുടിശ്ശിക നല്കുവാനുണ്ട്. ഫണ്ടിന്റെ ലഭ്യതകുറവ് മൂലം പദ്ധതിനിർവ്വഹണത്തിൽ കാലതാമസം നേരിടുന്നുണ്ട്.<br><br>ജലജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് സ്ഥലലഭ്യത ഉറപ്പാക്കുന്നതിനായി സർക്കാർ ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഭൂമിയുടെ ഉപയോഗാനുമതി സംബന്ധിച്ച് ആവശ്യമായ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>കുടിവെള്ള പദ്ധതികളുടെ ഭാഗമായി പൈപ്പുകൾ പൊതുനിരത്തുകളിലാണ് സ്ഥാപിക്കേണ്ടിവരുന്നത്. ഇതുമായി ബന്ധപ്പെട്ടുള്ള തടസ്സങ്ങൾ വകുപ്പുകളുമായും, കേന്ദ്ര സർക്കാർ |

| | | | |
|---|---|---|---|
| | | | ഏജൻസികളുമായും ബഹു: മുഖ്യമന്ത്രി, വകുപ്പുമന്ത്രി, ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, കേരള വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ തുടങ്ങിയവരുടെ നേതൃത്വത്തിൽ അവലോകന യോഗങ്ങൾ നടത്തി പദ്ധതി നിർവ്വഹണത്തിലെ തടസ്സങ്ങൾ പരിഹരിച്ച് പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (എഫ്) | എൻ.എച്ച്. 966 കോഴിക്കോട് - പാലക്കാട് ദേശീയപാതയിൽ പൈപ്പ് ഇടുന്നതിന് അനുമതി ലഭിക്കാത്തതും അനുമതി ലഭിച്ചവയിൽ തന്നെ ദേശീയപാത അധികൃതർ ആവശ്യപ്പെട്ട റസ്റ്റോറേഷൻ ചാർജ്, ബാങ്ക് ഗ്യാരണ്ടി എന്നിവ നൽകാൻ കഴിയാത്തതുമായ കാരണം കൊണ്ട് പ്രവൃത്തി തടസ്സപ്പെട്ടിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (എഫ്) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയപാത അതോറിറ്റിയിൽ നിന്നും ഡിമാൻഡ് നോട്ടീസ് ലഭിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തുക അടവാക്കി പ്രവൃത്തികൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ജി) | ഈ പ്രവൃത്തിയുടെ ഒന്നാം ഘട്ടത്തിൽ ഗ്രാമപഞ്ചായത്തുകളുടെ റോഡുകൾ വെട്ടിപ്പൊളിച്ചത് നന്നാക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ജി) | ജല ജീവൻ മിഷൻ പദ്ധതിയുടെ 1,2,3 ഘട്ടങ്ങളിൽ ഭരണാനുമതി നൽകിയ പ്രവർത്തികളിൽ പഞ്ചായത്ത് റോഡ് റീസ്റ്റോറേഷന് ഫണ്ട് വകയിരുത്തിയിരുന്നില്ല. 4,5 ഘട്ടങ്ങളിൽ ഭരണാനുമതി നൽകിയ പ്രവർത്തികളിൽ പഞ്ചായത്ത് റോഡ് റെസ്റ്റോറേഷൻ തുക വകയിരുത്തിയിട്ടുണ്ട്. 7-ാം ഘട്ടത്തിൽ അനുമതി നൽകിയ പ്രവർത്തികളിൽ 1,2,3 ഘട്ടങ്ങളിലെ പഞ്ചായത്ത് റോഡുകളുടെ പുനരുദ്ധാരണത്തിനായി തുക കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമീണ റോഡുകൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ